**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതു വകുപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് നഗരസഭകളിൽ നിന്ന് ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വകുപ്പിന് കീഴിലെ മറ്റ് ഓഫീസുകളിലേക്കും സ്ഥലംമാറ്റപ്പെട്ട ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ, എൻ.ആർ.എ./താൽകാലിക വായ്പ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കേരള മുനിസിപ്പാലിറ്റി പെൻഷനബിൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾ 2005 ചട്ടം 15 പ്രകാരം ജീവനക്കാരുടെ താൽക്കാലിക വായ്പ അനുവദിക്കുന്നത് നഗരസഭ സെക്രട്ടറിമാരാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണം നിലവിൽ വന്ന സാഹചര്യത്തിൽ നഗരസഭകളിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച മറ്റ ഓഫീസുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് താൽക്കാലിക വായ്പ അനുവദിക്കുന്നതിനും എൻ.ആർ.എ. ക്ലോഷർ എന്നിവ അനുവദിക്കുന്നതിനുമായി ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയതിനാൽ മേൽ ചട്ടം ഭേദഗതി ചെയ്യുന്നത് വരെ പ്രസ്തുത ജീവനക്കാരുടെ താൽക്കാലിക വായ്പ ജില്ല ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും അനുവദിക്കുന്നതിനു താത്ക്കാലികമായി ജില്ല ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും എൻ.ആർ.എ. ക്ലോഷർ, താൽക്കാലിക വായ്പ എന്നിവ നൽകുന്നതിനുള്ള ഫണ്ട് ജില്ല ജോയിന്റ് ഡയറക്ടർക്ക് അനുവദിക്കുന്നതിന് ജില്ല ജോയിന്റ് ഡയറക്ടർക്ക് TSB അക്കൗണ്ട് അനുവദിക്കുന്നതിനും സർക്കാർ അനുമതിക്കായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/57907/2023-CPF2 കത്ത് പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് നിലവിൽ സർക്കാർ പരിശോധനയിലാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ പൊതു വകുപ്പിൽ നിന്നും ഇതര വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന നഗരസഭ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ, എൻ.ആർ.എ./ താൽക്കാലിക വായ്പ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | കേരള മുനിസിപ്പാലിറ്റി പെൻഷനബിൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾ 2005 ചട്ടം 10 പ്രകാരം ഒരു വരിക്കാരൻ ഫോറിൻ സർവീസിലേക്കോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റൊരു സ്ഥാപനത്തിലേക്കോ മാറ്റപ്പെടുമ്പോഴും അപ്രകാരം മാറ്റപ്പെട്ടിട്ടില്ല എന്ന വിധം അയാൾ ചട്ടങ്ങൾക്ക് വിധേയനായിരിക്കുന്നതാണ്. ആയതനുസരിച്ച് അപേക്ഷകൻ അന്യത്ര സേവനമനുഷ്ഠിക്കുന്നതിനു മുൻപ് സേവനമനുഷ്ഠിച്ച നഗരസഭകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | താൽക്കാലിക വായ്പ, എൻ.ആർ.എ.ക്ലോഷൻ എന്നിവ അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ